"ഭരണഭാഷ - മാതൃഭാഷ"

വിവരാവകാശം

നമ്പർ:G4-11394/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം - 695 033.
തീയതി: 09.02.2017.
Email: swdkerala@gmail.com
Phone: 0471-2306040.

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്

ശ്രീ. മിഥുൻ എം.കെ
സോഷ്യൽ വർക്കർ,
വെൽഫെയർ അസ്സോസിയേഷൻ ട്രസ്റ്റ്,
ലീഗ് ജംഗ്ഷൻ,
വെസ്റ്റ് വെളിയത്ത് നാട്.
ആലുവ - 683 511

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ നിയമം 2005 - വിവരങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന: 1. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 01.02.2017 ലെ P3/419/17 നമ്പർ കത്ത്.
2. താങ്കളുടെ 11.01.2017 ലെ കത്ത്.

സൂചന (2) പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. ഗവൺമെന്റ് ഗ്രാന്റ് ലഭിക്കുന്ന വൃദ്ധമന്ദിരങ്ങൾ, അഗതി മന്ദിരങ്ങൾ, മാനസിക-സാമൂഹ്യ പുനരധിവാസ കേന്ദ്രങ്ങൾ എന്നിവയിൽ താമസിക്കുന്ന അന്തേവാസികൾക്ക് വാർദ്ധക്യ പെൻഷൻ, മറ്റു ക്ഷേമ പെൻഷൻ എന്നിവയ്ക്ക് അർഹതയുണ്ട്. (സ.ഉ.(എം.എസ്) നം. 9/2016/സാ.നീ.വ. തീയതി: 30.01.2016) (ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്.)

2. ഗവൺമെന്റ് ഗ്രാന്റ് ലഭിക്കാത്ത വൃദ്ധമന്ദിരങ്ങൾ, അഗതി മന്ദിരങ്ങൾ, മാനസിക-സാമൂഹ്യ പുനരധിവാസ കേന്ദ്രങ്ങൾ എന്നിവയിൽ താമസിക്കുന്ന അന്തേവാസികൾക്ക് വാർദ്ധക്യകാല പെൻഷൻ, മറ്റു ക്ഷേമ പെൻഷനുകൾ എന്നിവ ലഭിയ്ക്കുന്നതിനുള്ള അർഹത സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകൾ ഈ കാര്യാലയത്തിൽ ലഭ്യമല്ല. നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച കാര്യങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിലാണ് കൈകാര്യം ചെയ്യുന്നത്.

PI.

3. വൃദ്ധമന്ദിരങ്ങൾ, അഗതി മന്ദിരങ്ങൾ, മാനസിക-സാമൂഹ്യ പുനരധിവാസ കേന്ദ്രങ്ങൾ എന്നിവ Orphanage and Other Charitable Homes (Supervision and Control) Act 1960 അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ സ്ഥാപനങ്ങളിലെ താമസക്കാർക്ക് ഓരോരുത്തർക്കും പ്രതിമാസം 1000/- രൂപ സാമൂഹ്യനീതി വകുപ്പിൽ നിന്ന് ഗ്രാന്റായി നൽകുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിൻ കീഴിലെ സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലെ താമക്കാർക്ക് താമസം, ഭക്ഷണം, മരുന്ന്, ആയുർവേദ ചികിത്സ, വസ്ത്രം എന്നിവ സൗജന്യമായി നൽകുന്നുണ്ട്.

മേൽപ്പറഞ്ഞ മറുപടിയിൽ താങ്കൾക്ക് ആക്ഷേപമുള്ളപക്ഷം 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയ്ക്ക് അപ്പീൽ നൽകാവുന്നതാണ്.

മേൽ വിലാസം:

**ശ്രീ. കെ.കെ. സുരേന്ദ്രകുമാർ**
**അഡീഷണൽ ഡയറക്ടർ (അപ്പലേറ്റ് അതോറിറ്റി)**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**വികാസ്ഭവൻ, 5- ാം നില,**
**തിരുവനന്തപുരം - 695 033**

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്**

**പകർപ്പ്:**

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ,
കേരള സാമൂഹ്യ സുരക്ഷാ മിഷൻ.

PL